"ഭരണഭാഷ - മാതൃഭാഷ"

നം. ജി 2/26286/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: *01.09.2016*
ഫോൺ: 0471-2303107

## കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
## ലേല പരസ്യം

01.03.2013 - ലെ GO(P)50 110/13/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് തലവൻമാർക്ക് ഒരു ലക്ഷം രൂപ വരെ upset value ഉള്ള വാഹനങ്ങൾ condemn ചെയ്യാനുള്ള അധികാരമുണ്ടെന്ന് അറിയിച്ച സാഹചര്യത്തിൽ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള രണ്ട് വാഹനങ്ങൾ (വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു) വികാസ് ഭവനിലുള്ള ആസ്ഥാന കാര്യാലയത്തിൽ വച്ച് 28.10.2016 - ന് രാവിലെ 11.30-ന് പരസ്യമായി ലേലം വ്യവസ്ഥയിൽ ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ PWD നിശ്ചയിച്ചിട്ടുള്ള upset value ന്റെ 2.5% emd ആയി ഡയറക്ടറുടെ പേരിൽ DD എടുത്ത്, ID കാർഡിന്റെ പകർപ്പ് സഹിതം ലേലദിവസം കൊണ്ട് വരേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതും പ്രസ്തുത തുകയും നിയമാനുസൃതമായ നികുതിയും അപ്പോൾത്തന്നെ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം യാതൊരുകാരണവും അറിയിക്കാതെ നീട്ടിവയ്ക്കാനും റദ്ദാക്കാനുമുള്ള അധികാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ലേലസാധനം സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഓഫീസിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നതാണ്.

എല്ലാ സർക്കാർ ലേല വ്യവസ്ഥകളും നിബന്ധനകളും ഇതിനും ബാധകമായിരിക്കും. എന്തെങ്കിലും കാരണവശാൽ ലേലദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത ദിവസം ലേലം നടത്തുന്നതാണ്. വാഹനങ്ങളുടെ രേഖകളും മറ്റും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ഡയറക്ടറുടെ അംഗീകാരത്തോടെ പരിശോധിക്കാവുന്നതാണ്.

055620

| | | |
|---|---|---|
| 1. | മോഡലും വർഷവും | 1. 1999 ഡീസൽ അംബാസിഡർ.<br>2. 2004 ഡീസൽ അംബാസിഡർ. |
| 2. | രജിസ്ട്രേഷൻ നമ്പർ | 1. No.KL.01-Q.806.<br>2. No.KL.01-AE-442. |
| 3. | എഞ്ചിൻ ചെയിസ്സസ് നമ്പർ | 1. 6EPEY 019657, AEY 802011.<br>2. 3HNAD009344, ABD 874488 |
| 4. | PWD അംഗീകരിച്ച വില | 1. 18,000/-(പതിനെട്ടായിരം രൂപ മാത്രം)<br>2. 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) |
| 5. | വാഹനം പാർക്ക് ചെയ്തിരിക്കുന്ന സ്ഥലം | 1. വികാസ് ഭവൻ.<br>2. വികാസ് ഭവൻ. |
| 6. | ഇ.എം.ഡി | 2.5% |

ഒപ്പ്/-
പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

പകർപ്പ്:-

1. വെബ് സൈറ്റ്.
2. നോട്ടീസ് ബോർഡ് വികാസ് ഭവൻ,
3. വില്ലേജ് ഓഫീസ് പട്ടം.
4. കറന്റ് ഫയൽ / സ്റ്റോക്ക് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.03.09.2016

05562